# നൂറുദിന കർമ്മ പരിപാടിയുടെ തുടർച്ചയായി ഒരു വർഷത്തെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി കേരള സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും സ്കീമുകളെയും കുറിച്ചുള്ള വിവരങ്ങൾ .

## I. തൊഴിൽ വകുപ്പ്

1) **നോക്കുകൂലിയ്ക്കും അമിതകൂലി ഈടാക്കുന്നതിനുമെതിരെ നടപടി**

കയറ്റിറക്ക് മേഖലയിൽ നോക്കുകൂലിയും അമിതകൂലിയും ഈടാക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കും. ആദ്യപടിയായി സംസ്ഥാനത്തെ 5 കോർപ്പറേഷൻ ഏരിയകളിൽ ചുമട്ടുതൊഴിലാളി സ്കീം പൂർണ്ണമായും നടപ്പിലാക്കും. കയറ്റിറക്ക് കൂലി പുതുക്കി നിശ്ചയിച്ച് അത് ഏകീകൃത കൂലിയായി പ്രഖ്യാപിക്കും. ഇപ്രകാരം നിശ്ചയിക്കപ്പെട്ട കൂലി ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ള ബാങ്ക്, അക്ഷയ സെന്റർ, ഫ്രണ്ട്സ് ഇവയിൽ എവിടെയെങ്കിലും ഒടുക്കി രസീത് ബന്ധപ്പെട്ട തൊഴിലാളി യൂണിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് കയറ്റിറക്ക് തൊഴിലാളികളുടെ സേവനം ലഭ്യമാക്കും. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന തൊഴിലാളികളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കും.

2) **വേതന സുരക്ഷാ പദ്ധതി:** വിവിധ വ്യവസായങ്ങളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ താഴെ പറയുന്ന ഏഴ് മേഖലകളിൽ ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കും. തുടർന്ന് മറ്റ് മേഖലകളിലേയ്ക്കും ഈ സംവിധാനം വ്യാപിപ്പിക്കും.

1. ചെറുകിട ബാങ്കുകൾ (സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ)
2. ടെക്സ്റ്റൈയിൽ സ്ഥാപനങ്ങൾ
3. ജൂവല്ലറികൾ
4. സ്വകാര്യ ആശുപത്രികൾ
5. ഐ.ടി.മേഖല
6. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
7. നിർമ്മാണ മേഖല

3) **ഐ.ടി.മേഖലയിലെ ജീവനക്കാർക്ക് പ്രത്യേക ക്ഷേമ പദ്ധതി രൂപീകരിക്കും.**

നിലവിൽ ആകർഷകമായ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ഐ.ടി.മേഖലയിലെ ജീവനക്കാർക്കായി ഒരു പ്രത്യേക ക്ഷേമ പദ്ധതി ആരംഭിക്കും. ഈ മേഖലയിലെ ജീവനക്കാരുടെ പ്രതിനിധികളോ സംഘടനകളോ സമർപ്പിക്കുന്ന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ആയിരിക്കും സ്കീം തയ്യാറാക്കുക. ഈ തൊഴിൽ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് ഒരു സ്വയം നിയന്ത്രിത നിയമവ്യവസ്ഥയ്ക്കും രൂപം നൽകും. ജീവനക്കാരുടെ ജോലി സമയം, അവധി, തൊഴിൽ തർക്കനിവാരണത്തിനുള്ള സംവിധാനം തുടങ്ങിയവ ഈ സ്വയം നിയന്ത്രിത നിയമ വ്യവസ്ഥയിൽ ഉൾപ്പെടുത്തും.

4) **അന്യ സംസ്ഥാന തൊഴിലാളികളേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തും.**

രജിസ്റ്റർ ചെയ്യപ്പെടുന്ന മുഴുവൻ അന്യ സംസ്ഥാന തൊഴിലാളികളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (RSBY-) യിൽ ഉൾപ്പെടുത്തി സ്മാർട്ട് കാർഡ് നൽകുകയും ആനുകൂല്യങ്ങൾ ഉറപ്പാക്കുകയും ചെയ്യും.

5) നിർമ്മാണ മേഖലയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് **സേഫ്റ്റി ഓഡിറ്റ് സിസ്റ്റം** നടപ്പിലാക്കും. ഫ്ളാറ്റുകളുടെയും ബഹുനില കെട്ടിടങ്ങളുടെയും പ്ളാൻ അംഗീകാരത്തിന് നൽകുമ്പോൾ സുരക്ഷാ ക്രമീകരണങ്ങളുടെ വിശദാംശങ്ങളും സമർപ്പിക്കണമെന്ന് നിയമവ്യവസ്ഥ ഉണ്ടാക്കും.

6) 2012-ൽ സംസ്ഥാനം **ബാലവേല മുക്ത കേരള**മായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും.

7) **മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി** നടപ്പിലാക്കും.

8) **ഇ-ഗവേർണൻസ്:** ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഓൺ ലൈൻ ആയി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. ട്രേഡ് യൂണിയൻ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നടപടികളും റിട്ടേൺ സ്വീകരിക്കലും കമ്പ്യൂട്ടർവൽക്കരിക്കും.

9) **തൊഴിൽ വകുപ്പിന്റെ പുന:സംഘടന** പൂർത്തീകരിക്കും

10) എല്ലാ ക്ഷേമനിധി ബോർഡുകളുടേയും **രജിസ്ട്രേഷൻ ഒരേ ഫോർമാറ്റിൽ** കൊണ്ടുവരും.

11) **<u>ലേബർ കോംപ്ളക്സ്</u>**

ലേബർ കോംപ്ളക്സ്-ന്റെ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരും.

12) **<u>ചുരുങ്ങിയ ചെലവിലുള്ള തൊഴിലാളി ഭവന പദ്ധതി</u>**

തൊഴിലാളികൾക്ക് അവരുടെ വരുമാനത്തെ അടിസ്ഥാനമാക്കി പ്രമുഖ പട്ടണങ്ങളിൽ ചുരുങ്ങിയ ചെലവിലുള്ള ഭവന പദ്ധതി ആരംഭിക്കും

13) **<u>ലേബർ ക്യാമ്പ്</u>**

അന്യ സംസ്ഥാന തൊഴിലാളികളുടെ താമസത്തിനായി പൊതു പങ്കാളിത്തത്തോടെ ലേബർ ക്യാമ്പ് നിർമ്മിക്കും. ഇതിനുള്ള ഭൂമി നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിൽ വാങ്ങി പൊതു പങ്കാളിത്തത്തോടെ എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള ഡോർമെറ്ററികളും ലൈൻ കെട്ടിടങ്ങളും പ്രമുഖ നഗരങ്ങളിൽ പണിയും. ഉയർന്ന സാങ്കേതിക നിലവാരത്തിലുള്ള കെട്ടിടങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉറപ്പാക്കും.

14) **<u>ടി ഫെസ്റ്റ്:</u>** തേയില തോട്ടം ഉടമകൾ, പ്ളാന്റേഴ്സ് സംഘടനാ പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം ടീ ഫെസ്റ്റ് സംഘടിപ്പിക്കും. തേയിലയുടെ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തി ഈ മേഖലയെ നിലനിർത്തുന്നതിനും മാർക്കറ്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ചായിരിക്കും ഫെസ്റ്റ് സംഘടിപ്പിക്കുക.

## <u>II ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്</u>

1) **<u>മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ</u>** ഫാക്ടറി തൊഴിലാളികൾ കേന്ദ്രീകരിച്ചിട്ടുള്ള മേഖലകളിൽ മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ച് തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കും.

2) കൊച്ചിൻ ഷിപ്പയാർഡ് നൽകിയ സുരക്ഷാ രഥം ഉപയോഗിച്ച് **<u>50 ട്രെയിനിംഗ് പ്രോഗ്രാമുകൾ</u>** സംഘടിപ്പിക്കും.

3) <u>**സ്ക്വാഡ് ഇൻസ്പെക്ഷൻ**</u> ശക്തിപ്പെടുത്തി രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾ/ബോയിലറുകൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തും.

4) <u>**ഓൺലൈൻ**</u> വഴി സേവനങ്ങൾ ലഭ്യമാക്കും. വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കും.

5) <u>Priority Inspection & Air Monitoring Studies</u> വിവിധ ഫാക്ടറികളിലായി നടത്തും.

6) വകുപ്പിന്റെ പ്രവർത്തനം നവീകരിക്കും. നടപടികൾ സുതാര്യമാക്കും.

## III <u>ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്:</u>

1) ഇ.എസ്.ഐ.ഡിസ്പെൻസറികളിലെ കുടിശ്ശികയുള്ള മുഴുവൻ ക്ളെയിമുകളും തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

2) ഇ.എസ്.ഐ.കോർപ്പറേഷൻ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ എല്ലാ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

3) മോശപ്പെട്ട വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറികൾ പരമാവധി അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി പ്രവർത്തിപ്പിക്കുവാൻ സൗകര്യമൊരുക്കും. ആശുപത്രികളുടെ നവീകരണത്തിനായി 9.4 കോടി രൂപ ചെലവഴിക്കും.

4) ഇ.എസ്.ഐ.ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി ശില്പശാല ത്രൈമാസ അടിസ്ഥാനത്തിൽ സംഘടിപ്പിക്കും.

5) വ്യാപാര തൊഴിൽ ശാലകളുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഫാക്ടറികളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും.

6) ആശുപത്രികളിൽ രോഗികൾക്ക് ചൂട് വെള്ളം നൽകുന്നതിനുള്ള സംവിധാനം ഒരുക്കും. എല്ലാ ഇ.എസ്.ഐ സ്ഥാപനങ്ങളിലും മെഡിസിൻ സൂക്ഷിക്കുന്നതിന് മെഡിസിൻ റാക്ക് വിതരണം ചെയ്യും.

7) കുറ്റമറ്റ ധനകാര്യസംവിധാനം ഉറപ്പുവരുത്തുന്നതിനായി ഇ.എസ്.ഐ.ഡിസ്പെൻസറികൾക്ക് ക്യാഷ്ചെസ്റ്റ് ലഭ്യമാക്കും.

8) ഇ.എസ്.ഐ. ആശുപത്രികളിൽ പേഷ്യന്റ് ഫെസിലിറ്റേഷൻ സെന്ററും ഹെൽപ്പ് ഡസ്ക്കും ആരംഭിക്കും.

## IV.എംപ്ളോയ്മെന്റ് ഡിപ്പാർട്ടുമെന്റ്

1. **'ശരണ്യ'** സ്വയം തൊഴിൽ പദ്ധതി പ്രകാരം **1000** വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾ സംഘടിപ്പിക്കും.
2. **'കെസ്റു'** പദ്ധതി പ്രകാരം **586** സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കും.
3. **മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ളബ്സ്** പദ്ധതി പ്രകാരം **70** ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കും.
4. കാസർഗോഡ് ജില്ലയിൽ ഈസ്റ്റ് എളേരി/വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുകളിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനായി ആന്ധ്ര ബാങ്കിന്റെ സഹായത്തോടെ EDP പരിശീലനം നൽകി **"സംരംഭക സൗഹൃദ ഗ്രാമം"** പദ്ധതി നടപ്പാക്കും.
5. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും Web Based Portal വഴി രജിസ്ട്രേഷനുള്ള സംവിധാനം ആരംഭിക്കുകയും ചെയ്യും.
6. വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന **പതിനായിരം പേർക്ക് സൗജന്യപരിശീലനം** നൽകും.
7. ഒരു ജില്ലയിൽ ചുരുങ്ങിയത് **50** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **വോക്കേഷണൽ/കരിയർഗൈഡൻസ്** ക്ളാസ്സുകൾ സംഘടിപ്പിക്കും.
8. കാസർഗോഡ് ജില്ലയിലെ **എൻഡോസൾഫാൻ ദുരിത ബാധിതർക്ക്** എംപ്ളോയ്മെന്റ് നിയമനങ്ങളിൽ priority യും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും അനുവദിക്കും.
9. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കേന്ദ്രമാക്കി ഒരു **ഔൺ എംപ്ളോയമെന്റ് എക്സ്ചേഞ്ച്** ആരംഭിക്കും. കാർത്തികപ്പള്ളി

താലൂക്കിലെ 10 ഗ്രാമപഞ്ചായത്തുകളും അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് ഗ്രാമപഞ്ചായത്തും ഇതിന്റെ പരിധിയിൽ വരും.

10. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരമുള്ള **placement 10 ശതമാനവും സബ്മിഷൻ 20 ശതമാനവും** വർദ്ധിപ്പിക്കും.

## V.വ്യാവസായിക പരിശീലന വകുപ്പ്.

1. **15,000 നാഷണൽ ട്രേഡ് സർട്ടിഫിറ്റ്** കൊടുക്കുവാനുള്ളത് കൊടുത്തുതീർക്കും
2. എല്ലാ ഐ.ടി.ഐ.കളിലും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി **Virtual Class Room** ആരംഭിക്കും. എല്ലാ ഐ.ടി.ഐ.കളെയും ഡയറക്ടറേറ്റുമായി ബന്ധിപ്പിക്കുന്ന **നെറ്റ്വർക്കിംഗ്** സ്ഥാപിക്കും.
3. ഐ.ടി.ഐ.പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് **Placement Portal** വഴി തൊഴിലവസരങ്ങൾ കണ്ടെത്തും.
4. Trainees-ന് ഉയർന്ന നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി വിദഗ്ദ്ധരായ **പരിശീലകരുടെ ഒരു Pool** (Master Trainer) സൃഷ്ടിക്കും.
5. താഴെ പറയുന്ന മേഖലകളിൽ **Skill Training Academy** യ്ക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങും.
   1. ഫാഷൻ ടെക്നോളജി
   2. Retailing
   3. Hospitality & Security Service
   4. IT & TESM, etc.
6. സംസ്ഥാനത്തെ രണ്ട് ഐ.ടി.ഐ.കൾ എങ്കിലും **World Class Institute** പദവിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കും
7. പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ കൊല്ലം ജില്ലയിൽ ഒരു **Construction Academy Cum Finishing School** ആരംഭിക്കും.

## VI. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ളോയ്മെന്റ് (കിലെ)

1) **മിനിമംവേതനം** സംബന്ധിച്ച കൈപ്പുസ്തകം പ്രസിദ്ധീകരിക്കും. നിലവിൽ വിവിധ തൊഴിലുകൾക്ക് ബാധകമായ മിനിമം വേതന നിരക്ക് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തും.

2) **കേരള സ്റ്റേറ്റ് എന്റർപ്രണർ ഡവലപ്പ്മെന്റ് മിഷൻ** പദ്ധതിക്ക് കീഴിൽ മാർക്കറ്റിംഗ് സ്റ്റഡിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

3) തൊഴിൽ അനുബന്ധ വിഷയങ്ങളിൽ **ഗവേഷണ പഠനങ്ങൾ** നടത്തും.

4) തൊഴിൽ, എംപ്ലോയ്മെന്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

5) വനിതാ ട്രേഡ് യൂണിയൻ പ്രതിനിധികൾക്കായി '**നേതൃത്വ വികസന സെമിനാറുകളും ശില്പശാലയും** സംഘടിപ്പിക്കും.

6) പ്രഗൽഭരായ ട്രേഡ് യൂണിയൻ നേതാക്കളുടെ പേരിൽ **അനുസ്മരണ പ്രഭാഷണങ്ങൾ** സംഘടിപ്പിക്കും.

## VII. ചിയാക്ക് (CHIAK)

സംസ്ഥാനത്തു നടപ്പാക്കിവരുന്ന '**രാഷ്ട്രീയ സ്വാസ്ത് ഭീമ യോജന**'യുടെ പരിധിയിൽ ഉൾപ്പെടാത്ത രോഗങ്ങളുടെ സൗജന്യ ചികിൽസയ്ക്കായി '**കേരള ആരോഗ്യ ശ്രീ**' എന്ന പുതിയൊരു പദ്ധതി ആരംഭിക്കും. ആദ്യഘട്ടമായി സംസ്ഥാനത്തെ 23 സർക്കാർ സ്വകാര്യ സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം എന്നിവിടങ്ങളിലും ഈ പദ്ധതി നടപ്പാക്കും. തുടർന്ന് സ്വകാര്യ മേഖലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. നിലവിൽ RSBY/CHIS കാർഡ് ഉള്ള എല്ലാവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാം. ഈ പദ്ധതി പ്രകാരമുള്ള സൗജന്യ ചികിൽസയുടെ പരിധി 1.5 ലക്ഷം രൂപയാക്കും.

## VIII. Overseas Development & Employment Promotion Consultants Ltd (ODEPC):

1. **ഒഡെപെക് ഡേറ്റാ ബാങ്കിൽ** രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ഇന്ത്യയ്ക്കകത്തും പുറത്തും കണ്ടെത്തുന്നതിനുള്ള തൊഴിൽ മേഖലകൾ കണ്ടെത്തും.. **ഇതിനായി ഓൺ ലൈൻ** സൗകര്യം ഏർപ്പെടുത്തും.
2. തൊഴിൽ അന്വേഷകർക്കായി അനുയോജ്യമായ പരിശീലനം ഒരുക്കും. സംസ്ഥാനത്തെ ഐ.ടി.ഐ.കളും വിദേശ തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ടുള്ള റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കും.
3. ഒഡെപെക്-ന്റെ ട്രാവൽ ഡിവിഷൻ ശക്തിപ്പെടുത്തും